## സംയോജിത ശിശു സംരക്ഷണ പദ്ധതി : കേരളം
## സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി മെമ്പർ സെക്രട്ടറിയുടെ
## നടപടി ക്രമങ്ങൾ

*(ഹാജർ ശ്രീമതി.ടി.വി. അനുപമ IAS – വനിതശിശു വികസന ഡയറക്ടർ & മെമ്പർ സെക്രട്ടറി, SCPS)*

വിഷയം: - വനിതശിശുവികസന വകുപ്പ് - ICPS - തൃശ്ശൂർ ജില്ലാ ശിശു സംരക്ഷണ യൂണിറ്റ് – 2020- 2021 സാമ്പത്തിക വർഷം നടപ്പിലാക്കുന്ന പ്രൊപ്പോസലുകൾക്ക് അനുമതി നൽകി തുക അനുവദിച്ച് ഉത്തരവാകുന്നു

പരാമർശം:- (1) 21.08.2020 ലെ ഐ.സി.പി.എസ് എക്സിക്യൂട്ടീവ് കമ്മറ്റി താരുമാനം
(2) ഈ ഓഫീസിലെ ICPS3/2510/20 നമ്പർ ഉത്തരവ്.തീയതി.24.09.20

## ഉത്തരവ് നമ്പർ- ICPS-3/1581/2020 തീയതി: 21/12/2020

തൃശ്ശൂർ ജില്ലാ ശിശു സംരക്ഷണ യൂണിറ്റ് മുഖേന 2020-2021 സാമ്പത്തിക വർഷം നടപ്പിലാക്കുന്ന പദ്ധതികളുടെ പ്രൊപ്പോസൽ അംഗീകാരത്തിനായി ജില്ലാ ശിശു സംരക്ഷണ ഓഫീസർ സമർപ്പിക്കുകയും ആയതിന് സൂചന ഒന്ന് പ്രകാരം ഐ.സി.പി.എസ് എക്സിക്യൂട്ടീവ് കമ്മിറ്റി അംഗീകാരം നൽകുകയും സൂചന രണ്ട് പ്രകാരം ഭരണാനുമതി ലഭ്യമാക്കുകയും ചെയ്തിരിക്കുന്നു.

തൃശ്ശൂർ ജില്ലാ ശിശു സംരക്ഷണ യൂണിറ്റ് സമർപ്പിച്ച പ്രൊപ്പോസൽ ചുവടെ ചേർക്കുന്നു.

| നം. | പദ്ധതിയുടെ / പരിപാടിയുടെ സംക്ഷിപ്ത വിവരം |
|---|---|
| 1 | *ഫോമുകൾ പ്രിന്റ് ചെയ്യുന്നതിനുള്ള പ്രൊജക്റ്റ്*<br>ജില്ലാ ശിശു സംരക്ഷണ ഓഫീസറുടെ കാര്യാലയത്തിലേക്ക് ആവശ്യമായ മുഴുവൻ ഫോമുകളും പ്രിന്റ് എടുക്കുന്നതിനുള്ള പ്രപ്പോസൽ (Form – 20, (Foster Care),Scheduled – VII (Adoption)Applicationfor Sponsorship & Foster Care) |

മേൽ പട്ടിക പ്രകാരം ജില്ലാ ശിശു സംരക്ഷണ യൂണിറ്റിലേക്ക് ഫോമുകൾ പ്രിന്റ് ചെയ്യുന്നതിന് ICPS ഗൈഡ്ലൈൻ പ്രകാരം ജില്ലാ ശിശു സംരക്ഷണ യൂണിറ്റിന് ചിലവഴിക്കാവുന്ന അഡ്മിനിസ്ട്രേറ്റീവ് എക്സ്പെൻസിൽ നിന്നും 24,920/- രൂപ വിനിയോഗിക്കുന്നതിന് അനുമതി ഉത്തരവാകുന്നു. ടി തുക നടപ്പ് സാമ്പത്തിക വർഷത്തെ 2235-02-102-61-(P)-34OC ശീർഷകത്തിൽ നിന്നും തൃശ്ശൂർ ഡി.സി.പി.ഒ യ്ക്ക് അലോട്ട്മെന്റായി നൽകേണ്ടതാണ്.

പരിപാടി നടത്തിയതിനു ശേഷം അസ്സൽ ബില്ലുകളുടെ പകർപ്പ്, എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്, ധനവിനിയോഗ സർട്ടിഫിക്കറ്റ് തുടങ്ങിയവ ഈ കാര്യാലയത്തിൽ സമർപ്പിക്കേണ്ടതുമാണ്. പരിപാടിയുടെ വിശദമായ ഫോട്ടോ സഹിതമുള്ള റിപ്പോർട്ട് ഡി.സി.പി.ഒ. ഈ കാര്യാലയത്തിലേയ്ക്ക് സമർപ്പിയ്ക്കേണ്ടതാണ്.

(ഒപ്പ്)

*വനിത ശിശുവികസന ഡയറക്ടർ &*
*മെമ്പർ സെക്രട്ടറി (SCPS)*

പകർപ്പ്:

1. ജില്ലാ വനിത ശിശു വികസന ഓഫീസർ,തൃശ്ശൂർ
2. ജില്ലാ ശിശു സംരക്ഷണ ഓഫീസർ, തൃശ്ശൂർ
3. സൂപ്രണ്ട്, അലോട്ട്മെന്റ് സെക്ഷൻ
4. ICPS 4
5. സ്റ്റോക്ക് ഫയൽ
6. Web Site

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്

INTEGRATED CHILD PROTECTION SCHEME

# സംയോജിത ശിശു സംരക്ഷണ പദ്ധതി, കേരളം

(സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി മെമ്പർ സെക്രട്ടറിയുടെ നടപടി ക്രമങ്ങൾ)

(ഹാജർ.ശ്രീമതി.അനുപമ റ്റി.വി. ഐ.എ.എസ്. വനിതാ ശിശുവികസന ഡയറക്ടർ & മെമ്പർ സെക്രട്ടറി, SCPS)

വിഷയം : വനിത ശിശു വികസന വകുപ്പ് - ഐ.സി.പി.എസ്- E Learning പ്ലാറ്റ്ഫോം തയ്യാറാക്കുന്നതിന് IIITMK യ്ക്ക് ആദ്യഗഡു തുക മുൻകൂറായി അനുവദിച്ചു ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു.

പരാമർശം: 1. IIITMK ആയിട്ടുള്ള MOU .CG308938.തീയതി. 07.10.2020

2. IIITMK സമർപ്പിച്ച ഇൻവോയ്സ്

3. 21.09.2020 ലെ യൂണിസെഫിൽ നിന്നും ലഭ്യമായ കത്ത്.

## ഉത്തരവ് നമ്പർ ICPS 3/1639/2020 തീയതി : 21.12.2020

വനിത ശിശു വികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ ഐ.സി.പി.എസ്സ് സംവിധാന ത്തിലെ വിവിധ തലത്തിലുള്ള ജീവനക്കാരുടെ ഓൺലൈൻ പരിശീലനം നൽകുന്നതായി ബന്ധപ്പെട്ട് Learning Management System E- Learning പ്ലാറ്റ്ഫോം IIITMK യുമായി ചേർന്ന് നടപ്പിലാക്കാൻ തീരുമാനിക്കുകയും അവർ നൽകിയ പ്രൊപ്പോസൽ വിലയിരുത്തി 938100/- രൂപയുടെ പദ്ധതി നടപ്പിലാക്കാൻ IIITMK യുമായി പരാമർശം (1) പ്രകാരം MOU യിൽ ഏർപ്പെടുകയുണ്ടായി പ്രസ്തുത MoU പ്രകാരം 50% അഡ്വാൻസ് നൽകേണ്ട തുണ്ട്. IIITMK ഇതിനായി പരാമർശം (2) പ്രകാരം 18% ജി.എസ്.ടി ഉൾപ്പെടെയുള്ള തുകയായ 4,69,050/-രൂപയുടെ ഇൻവോയ്സ് സമർപ്പിച്ചിരിക്കുന്നു. ആയതിന്റെ ഗ്രോസ് തുകയായ 3,97,500/രൂപയുടെ 1.5% TDS on (IT) ആയ 5963/- രൂപ ഇൻകം ടാക്സ് ഇനത്തിൽ IIITMK യുടെ PAN ലേയ്ക്ക് ഒടുക്കേണ്ടതുണ്ട്.

ടി സാഹചര്യത്തിൽ IIITMK യ്ക്ക് യൂണിസെഫ് വനിത ശിശു വികസന ഡയക്ടറുടെ പേരിൽ SBI a/c No.67194963109 ൽ അനുവദിച്ച തുകയിൽ നിന്നും 3,50,000/രൂപയും ബാക്കി തുകയായ 1,19,050/രൂപയിൽ നിന്നും TDS on (IT) ആയ 5963/- രൂപ കിഴിച്ചുള്ള **1,13,087**/രൂപ (ഒരു ലക്ഷത്തി പതിമൂവായിരത്തി എൺപ്പത്തി ഏഴു രൂപ മാത്രം) എസ്.സി.പി.എസ്. ന്റെ 2235 – 02 – 102 – 61 (P) 34 OC യിലെ ട്രെയിനിംഗ് കംപോണന്റിൽ നിന്നും അനുവദിച്ച് ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു. തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| Name of the Institution | Amount Sanctioned excluding GST | GST | Total Amount Allocated | TDS on Income Tax (1.5%) | Amount to be Allocated from UNICEF | Amount to be allocated from H/A |
|---|---|---|---|---|---|---|
| IIITMK | 3,97,500/ | 71,550/ | 4,69,050/ | 5,963/ | 3,50,000/ | 1,13,087/ |

E-Learning Management platform നായി IIITMK യ്ക്ക് യൂണിസെഫ് അനുവദിച്ച 3,50,000/രൂപ SBI a/c No.67194963109 ൽ നിന്നും ചെക്കായി അനുവദിയ്ക്കേണ്ടതും ബാക്കി തുകയായ **1,19,050**/രൂപയിൽ നിന്നും TDS on (IT) ആയ 5963/- രൂപ കുറവു വരുത്തി **1,13,087**/രൂപ 2235 – 02 – 102 – 61 (P) 34 OC ൽ നിന്നും ചുവടെ ചേർക്കുന്ന IIITMK യുടെ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത് നൽകേണ്ടതും TDS on (IT) 5963/- രൂപ IIITMK യുടെ PAN ലേയ്ക്കും ഒടുക്കേണ്ട തുമാണ്.

| Name of Account Holder | Amount Allocated | Name of the bank & Branch | Account Number | IFSC Code | TDS on (IT) | PAN |
|---|---|---|---|---|---|---|
| IIITMK | 1,13,087/ | Canara Bank, Kazhakoottam | 2762201000303 | CNRB000276258 | 5963/ | AABC17625M |

IIITMK തുക കൈപ്പറ്റി രസീത് ഈ കാര്യാലയത്തിൽ സമർപ്പിയ്ക്കേണ്ടതാണ്.

(ഒപ്പ്)
വനിത ശിശു വികസന ഡയറക്ടർ &
**മെമ്പർ സെക്രട്ടറി, SCPS.**

<u>പകർപ്പ്</u>

1. സൂപ്രണ്ട് എ.സെക്ഷൻ, വനിത ശിശു വികസന ഡയറക്ടറേറ്റ്
2. സൂപ്രണ്ട് ബി.സെക്ഷൻ, വനിത ശിശു വികസന ഡയറക്ടറേറ്റ്.
3. ICPS 4
4. സ്റ്റോക്ക് ഫയൽ.

CS Website

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്

OFFICE OF THE INTEGRATED CHILD PROTECTION SCHEME
THIRUVANANTHAPURAM - 12
WOMEN & CHILD DEVELOPMENT DEPARTMENT